## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1241 04.02.2019 -ൽ മറുപടിയ്ക്ക്**

### ആലത്തൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ

**ചോദ്യം** | **ഉത്തരം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആയി ഉയർത്തിയിട്ടുണ്ട്; | എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി ആലത്തൂർ നിയോജക മണ്ഡലത്തിലെ 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ (24) സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കി. ടി സ്കൂളുകളിൽ ആകെയുള്ള 299 ൽ 206 ക്ലാസ് മുറികളിൽ ഹൈടെക് ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗിക്കുന്നതിനും നിലവിൽ മൗണ്ട് ചെയ്യാൻ കഴിയാത്ത 93 ക്ലാസ് മുറികളിൽ പൊതുവായി ഉപയോഗിക്കുന്നതിന് ലാപ് ടോപ്പുകളും പ്രൊജക്റ്ററുകളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നേരിട്ട് എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്; | ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖാന്തിരമാണ് നടപ്പിലാക്കിയത്. |
| സി) ഇനിയും എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | സി) ആലത്തൂർ നിയോജകമണ്ഡലത്തിലെ 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് പഠനത്തിന് സജ്ജമാക്കിയിട്ടുണ്ട്. പ്രൈമറി വിഭാഗം ക്ലാസുകളിലേക്ക് ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖാന്തിരം തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയ്ക്ക് (ഡി.പി.ആർ) ഭരണാനുമതി നൽകുകയും കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ